بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്ബ നമ്പർ
**35**
**30-08-2013**

## ജുമുഅ ഖുത്ബ
## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: ഹാശിം അശ്റഫ്, ആലപ്പുഴ

# യു.കെ ജൽസ: 2013

കഴിഞ്ഞ ഖുത്ബയിൽ ഞാൻ അതിഥി സൽക്കാര വിഷയത്തെ ആസ്പദമാക്കി, ഒരു ആതിഥേയന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് പറഞ്ഞിരുന്നു. ഹ: മസീഹ് മൗഊദ് (അ) ന്റെ അതിഥികളെ ആവേശത്തോടും ഉത്സാഹത്തോടും കൂടി സേവനം ചെയ്യുക എന്നത് നമ്മുടെ കടമയാണ്. ഇന്ന് ഞാൻ അതിഥികളുടെയും ജൽസയിൽ പങ്കെടുക്കുന്നവരുടെയും ശ്രദ്ധ, ചില കാര്യങ്ങളിലേക്ക് ക്ഷണിക്കുന്നതാണ്. അങ്ങനെ ജൽസയുടെ പവിത്രമായ അന്തരീക്ഷം കാത്തു സൂക്ഷിക്കപ്പെടുകയും അതോടൊപ്പം, ഇതിൽ പങ്കെടുക്കുന്നവരുടെ ഉത്തരവാദിത്വമെന്താണെന്ന് അവർ മനസ്സിലാക്കുകയും ചെയ്യുന്നതാണ്. അതു പോലെ തന്നെ സംഘാടകരോട് സഹകരിക്കുന്ന കാര്യത്തിലേക്കും ശ്രദ്ധയുണ്ടാകുന്നതാണ്. രണ്ട് ഉത്തരവാദിത്വങ്ങളാണ് നമുക്കുള്ളത്. ഒന്നാമതായി ഇവിടെ വന്നതിന്റെ ലക്ഷ്യം പൂർത്തിയാക്കുക. അതായത്, ആത്മീയമായും, ദീനീപരമായും, ശിക്ഷണപരമായും സ്വയം മെച്ചപ്പെടുക. രണ്ടാമതായി, സംഘാടകരോട് സഹകരിക്കുക. നാം ഹ : മസീഹ് മൗഊദ് (അ)നോടാണ് ബന്ധം വെച്ച് പുലർത്തുന്നത്. അതിനാൽ നാം എപ്പോഴും ഓർമ്മിക്കേണ്ടത്, നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ മാത്രം ശ്രദ്ധ ചെലുത്താതെ, മറ്റുള്ളവരുടെ അവകാശങ്ങൾ നൽകുന്നതിലും ശ്രദ്ധ വേണം. അതോടൊപ്പം നമ്മുടെ ഉത്തരവാദിത്വത്തിലുള്ള നിർബന്ധ കടമകൾ നിർവ്വഹിക്കുകയും ചെയ്യണം. അതിഥികൾ, അവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക. നമ്മുടെ ഏറ്റവും വലിയ കടമ അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തുക എന്നതാണ്. കാരണം ജൽസയിൽ പങ്കെടുക്കുന്നവർക്കായി, സാധാരണ നിലയിൽ യാതൊരു സംവിധാനവുമില്ലാത്ത ഈ സ്ഥലത്ത് സർവ്വ വിധ സംവിധാനങ്ങളും ഏർപ്പാടാക്കിത്തന്നത് അവനാണ്. അല്ലാഹുവിനോടുള്ള നന്ദി പ്രകടനത്തിന് ശേഷം, രാപ്പകൽ നിങ്ങൾക്ക് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയും അതോടൊപ്പം തന്നെ, നിങ്ങളുടെ സൗഖ്യത്തിനായുള്ള സാധന സാമഗ്രികൾ തയ്യാറാക്കുന്നതിൽ എല്ലാ പ്രയത്നവും പരിശ്രമവും വിനിയോഗിക്കുകയും ചെയ്യുന്ന സംഘാടകരോടും നന്ദി രേഖപ്പെടുത്തുക. അവർക്കായി ദുആയും ചെയ്യുക. കഴിഞ്ഞ ഖുത്ബയിൽ ഒരു ഹദീസിന്റെ വെളിച്ചത്തിൽ, ഞാൻ പറഞ്ഞിരുന്നു. അതായത്, നബി (സ) പറയുന്നു, “നിങ്ങൾ പരസ്പരം പ്രസന്നവദരായിക്കൊണ്ട് പെരുമാറുക” ഇതിനെ സംബന്ധിച്ച് വളരെയധികം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് വലിയ നന്മയാണ്. അതായത്, പരസ്പരം പ്രസന്നവദരായിക്കൊണ്ട് പെരുമാറുന്നത് വലിയ നന്മയാകുന്നു. ഈ നിർദ്ദേശം എല്ലാ അഹ്മദികൾക്കും വേണ്ടിയുള്ളതാണ്. എല്ലാ അതിഥികളും, ജൽസയിൽ പങ്കെടുക്കുന്നവരും, ഈ കാര്യത്തെ എപ്പോഴും മനസ്സിൽ കുറിച്ചിടുകയും, അത് പ്രവൃത്തി പഥത്തിൽ കൊണ്ടുവരുന്നതിനായി പരിശ്രമിക്കുകയും ചെയ്യുക. ഒരു പക്ഷെ, സംഘാടകരിൽ നിന്നും എന്തെങ്കിലും തെറ്റു സംഭവിച്ചാൽ, നിസാരമനോഭാവത്തോടെ പെരുമാറുകയെന്നതും നിങ്ങളുടെ കടമയാണ്. താൽക്കാലിക സംവിധാനത്തിന്റെ പരിമിതികളെ മനസ്സിലാക്കുക. ചുറ്റുപാടിനെ മനോഹരമാക്കുന്നതിൻ വേണ്ടി ശ്രമിക്കുക. കാരണം ഇവിടേക്കുള്ള നിങ്ങളുടെ ആഗമനം, നന്മയെ സ്വായത്തമാക്കുന്നതിനായാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായാണ്. അങ്ങനെ തന്നെ ആയിരിക്കുകയും വേണം. അത് പോലെ അതിഥികളും ഇവിടെയുള്ളവരും പരസ്പരം ബഹുമാനിക്കുക. ചിലയവസരങ്ങളിൽ, പഴയ അഭിപ്രായ വ്യത്യാസങ്ങൾ, പരസ്പരം കാണുമ്പോൾ നീറിതുടങ്ങുന്നു. ചില സന്ദർഭങ്ങളിൽ അഹ്മദികളുടെ ഇടയിൽ, ഉണ്ടാകാൻ പാടില്ലാത്ത സംഭവങ്ങൾ നടക്കുന്നു. ജൽസയിൽ വെച്ച് രണ്ട് ഗ്രൂപ്പുകളോ, രണ്ട് വ്യക്തികളോ തമ്മിൽ കലഹങ്ങൾ ഉണ്ടാകുന്നു. കയ്യേറ്റം വരെ സംഭവിക്കുന്നു. ഇത് അവരുടെ നിർഭാഗ്യമാണ്. കാരണം, അവർ ആത്മീയ സ്ഥലത്ത് വന്നാണ് ഇവ്വിധം പ്രവർത്തിക്കുന്നത്. അങ്ങനെയുള്ളവർ, ഈ പരിശുദ്ധ അന്തരീക്ഷത്തിൽ കളങ്കം സൃഷ്ടിക്കപ്പെടുന്നതിന് കാരണക്കാരാകുന്നു. ആരുടെ മനസ്സാണ് പരിഹാസത്താലും അസൂയയാലും നിറഞ്ഞിരിക്കുന്നത്, അവർ ജൽസയിൽ വരാതിക്കുന്നതാണ് നല്ലത്. വന്നവരിൽ ആരുടെയെങ്കിലും മനസ്സിൽ ഇങ്ങനെയൊക്കെ ഉണ്ടെങ്കിൽ അവർ, അവ ദുരീകരിക്കുന്നതാണ് എന്ന് പ്രതിജ്ഞ ചെയ്യുക. ഈ അന്തരീക്ഷം നന്മയെ പ്രചരിപ്പിക്കുന്നതിനുള്ള അന്തരീക്ഷമാണ്. അവരവരുടെ ശീലങ്ങളെ നേരെയാക്കുന്നതിനുള്ള അന്തരീക്ഷമാണ്. എന്നാൽ ഇവിടെയും, തങ്ങളുടെ ഹൃദയങ്ങളെ അസൂയവും പരിഹാസവും കൊണ്ട് നിറക്കുകയാണെങ്കിൽ, ഇവിടെ വന്നതിന്റെ ലക്ഷ്യം നശിച്ചു പോകുന്നതാണ്. “നന്മ പ്രവർത്തിക്കുക” എന്നതാണ് ഇവിടെ വരുന്നതിന്റെ ഉദ്ദേശ്യം. ജൽസയിൽ വരുന്നവർ ഹ: മസീഹ് മൗഊദ് (അ) പ്രകടിപ്പിച്ച ആഗ്രഹത്തെ മുമ്പിൽ വെക്കേണ്ടതാണ്. ഹ: മസീഹ് മൗഊദ് (അ) ന്റെ ദുആയുടെ അവകാശിയാകുക എന്ന ലക്ഷ്യത്തെ എപ്പോഴും തങ്ങളുടെ മുന്നിൽ വെക്കുക. ആത്മീയ കാര്യങ്ങൾ കേൾക്കുക എന്നത് മാത്രമായിരിക്കണം, ഈ ദിനങ്ങളിൽ എല്ലാവരുടെയും ലക്ഷ്യ

മായിരിക്കേണ്ടത്. ജൽസയിലെ പരിപാടികൾ സമാധാന ത്തോടും ശ്രദ്ധയോടും കൂടി ശ്രവിക്കുക

എന്നതും വളരെ വലിയ ലക്ഷ്യമാണ്. ഇത് സംബന്ധിച്ച് ഹ: മസീഹ് മൗഊദ് (അ) ന്റെ വാക്കുകളിലൂടെ തന്നെ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. അദ്ദേഹം പറയുന്നു. എല്ലാവരും സശ്രദ്ധം ശ്രദ്ധിക്കേണ്ടതാണ്. (അതായത് ജൽസയുടെ പരിപാടികൾ) മുഴുവൻ ഏകാഗ്രതയൊടും ചിന്തയോടും കൂടി ശ്രവിക്കുക. കാരണം ഇത് വിശ്വാസത്തിന്റെ കാര്യമാണ്. ഇതിൽ മടി, അലസത, അശ്രദ്ധ എന്നീ അവസ്ഥകൾ, വളരെ മോശപ്പെട്ട പര്യവസാനമാണ് സൃഷ്ടിക്കുക. വിശ്വാസത്തിന്റെ കാര്യത്തിൽ അലസത പ്രകടിപ്പിക്കുന്നവർ, അവരെ അഭിമുഖീകരിച്ച് കാര്യങ്ങൾ പറയുമ്പോൾ ശ്രദ്ധയോടെ കേൾക്കുകയില്ല. ഇവരെ അഭിമുഖീകരിക്കുന്ന വ്യക്തി, ഉയർന്ന സ്ഥാനിയും ഫലദായകനും മഹത്വം അർഹിക്കുന്ന വ്യക്തി ആയിരുന്നാലും ആ പ്രഭാഷകൻ ഇവർക്ക് യാതൊരു പ്രയോജനവും നേടിക്കൊടുക്കുകയില്ല. ഇങ്ങനെയുള്ളവരെ സംബന്ധിച്ച് പറയപ്പെടുന്നത്, അവർക്ക് ചെവികൾ ഉണ്ട്! എന്നാൽ കേൾക്കുന്നില്ല ഹൃദയമുണ്ട്! എന്നാൽ മനസ്സിലാകുന്നില്ല. ഓർക്കുക, ഏതൊരു കാര്യമാണ് വിവരിക്കപ്പെടുന്നത്, അതിനെ ശ്രദ്ധയോടും ഏകാഗ്രതയോടും കൂടി ശ്രവിക്കുക. കാരണം അശ്രദ്ധരായി കഴിയുന്നവർ എത്രകാലം വരെ സാത്വികരുടെ ഇടയിൽ കഴിച്ചു കൂട്ടിയാലും അവർ ഒന്നും തന്നെ കരസ്ഥമാക്കുകയില്ല. അതിനാൽ ജൽസയിൽ വരുന്നവർ ഈ കാര്യങ്ങളിലേക്ക് മാത്രം ശ്രദ്ധിക്കുക എന്നത് നിർബന്ധമാണ്. അതായത്, നമുക്ക് ജൽസയുടെ യഥാർത്ഥ ലക്ഷ്യത്തെ നേടിയെടുക്കണം, ജൽസയിലെ പരിപാടികൾ സശ്രദ്ധം വീക്ഷിക്കണം, തങ്ങളുടെ വ്യക്തിതാൽപര്യങ്ങളെ പിന്തള്ളിക്കൊണ്ട് കഴിച്ച് കൂടണം. വിശ്വാസ വർദ്ധനവിനായി ജൽസയിലെ പരിപാടികൾ ശ്രവിക്കണം ഇതിനെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുന്നതിനായി പരിശ്രമിക്കുകയും ചെയ്യണം. കൂടാതെ അവരവരുടെ ഹൃദയങ്ങളെ എല്ലാവിധ ദുർഗുണങ്ങളിൽ നിന്ന് ശുദ്ധീകരിക്കുകയും ചെയ്യുക. അദ്ദേഹം വളരെ വ്യക്തമയ നിലയിൽ പറഞ്ഞിരിക്കുന്നു. മുസ്ലിംകളിൽ അധഃപതനവും, വീഴ്ച്ചയും, ബലഹീനതയും ഉടലെടുക്കാനുള്ള കാരണം, ദീനി സദസ്സുകളിൽ അവർ പോകുന്നു എന്നാൽ ആത്മാർത്ഥത അവരോടൊപ്പം ഉണ്ടാവുകയില്ല. അതായത്, പ്രസംഗിക്കുന്നവരിലും ശ്രോതാക്കളിലും ആത്മാർത്ഥതയില്ല. എന്നാൽ നമ്മുടെ സമ്മേളനങ്ങൾ ഈ വിധ കാര്യങ്ങളിൽ നിന്നെല്ലാം തന്നെ പരിശുദ്ധമാണ്. അങ്ങനെതന്നെയായിരിക്കണം. മാശാഅല്ലാഹ് പ്രാസംഗികർ വളരെയധികം ആത്മാർത്ഥയോടെ തയ്യാറെടുപ്പുകൾ നടത്തിയാണ് വരുന്നത്. വളരെ നല്ല പ്രസംഗങ്ങൾ നടക്കുന്നു. കേൾക്കുന്നവരിൽ ഭൂരിഭാഗവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥത നിറഞ്ഞവരാണ്. കൂടാതെ ജൽസയുടെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നതിനായും വരുന്നവരാണ്. എന്നാൽ ചിലരുടെ ലക്ഷ്യം, ഒരുമിച്ച് കൂടുകയും, സംഭാഷണത്തിൽ മുഴുകുകയും വിനോദസദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നും മറ്റുമാണ്. ഏതൊരു ഭാഗത്താണ് ബലഹീനത കാണുന്നത്, അത് ദുരീകരിക്കാൻ വേണ്ടി പരിശ്രമിക്കേണ്ടതാണ്. അങ്ങനെ നമ്മുടെ ചുറ്റുപാട് 100% അല്ലാഹുവിനോടുള്ള ആത്മാർത്ഥത നേടിയെടുക്കാൻ യത്നിക്കുന്ന അന്തരീക്ഷമായി മാറുന്നു. ജൽസയുടെ പരിപാടികൾക്കിടയിൽ, ചിലർക്ക് തക്ബീർ വിളിക്കുന്നതിന്റെ ആവേശം ഉണ്ടായിരിക്കും. എന്നാൽ അവർ പ്രസംഗം, ശ്രദ്ധയോടെ കേൾക്കുക. ചില പ്രസംഗങ്ങൾ ആഴമേറിയതുമായിരിക്കും അതിലെ വിഷയങ്ങൾക്ക് തക്ബീറിന്റെ ആവശ്യം തന്നെയുണ്ടാകില്ല. ഹൃദയാവേശത്താൽ പുറത്ത് വരുന്ന ത്ക്ബീർ അനുവദനീയമാണ്. എന്നാൽ ഇവിടെ ചിലർ എല്ലാ കാര്യങ്ങളിലും ആവേശഭരിതരായിക്കൊണ്ട് തക്ബീർ മുഴക്കുന്നു. അവർ സംയമനം പാലിക്കേണ്ടതാണ്.

മറ്റൊരു പ്രധാന കാര്യം എല്ലാ സംഘാടകരും സേവനമനുഷ്ഠിക്കുന്നവരും തങ്ങളുടെ ഭൗതിക ജോലി ഉപേക്ഷിച്ച് കൊണ്ട് സന്തോഷത്തോടെ ഹ : മസീഹ് മൗഊദ് (അ) ന്റെ അതിഥികളെ സേവിക്കുക എന്ന ലക്ഷ്യത്തോടെ വരുന്നവരാണ് എന്ന കാര്യം അതിഥികൾ ഓർക്കുക. അതിനാൽ അവരുമായി എല്ലാ സന്ദർഭങ്ങളിലും പരിപൂർണ്ണമായി സഹകരിക്കുക. ഇത് പ്രധാനമായും സെക്യൂരിറ്റി വകുപ്പിലെ പരിശോധനവേളയിൽ വളരെ അത്യാവശ്യമായ കാര്യമാണ്. ചിലപ്പോൾ പല തവണയുള്ള പരിശോധന കാരണം സമയനഷ്ടം നിങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചേക്കാം. എന്നാൽ ഇവയെല്ലാം നിങ്ങളുടെ സുരക്ഷക്ക് വേണ്ടിയാണ് ചെയ്യുന്നത്. അതിനാൽ ഇതിനെ സഹിക്കുക. സംഘാടകരോട് പൂർണ്ണമായി സഹകരിക്കുക.

സ്കാൻ പരിശോധനവേളയിൽ സമയം കുറച്ചധികം നൽകേണ്ടി വരുന്നു. ഈ വേളകളിൽ സഹകരണത്തോടെ നിങ്ങളുടെ സാധനങ്ങളും, അല്ലെങ്കിൽ സ്വയം പരിശോധനയ്ക്ക് വിധേയമാകേണ്ടി വരുന്നു. അതിനാൽ പരിശോധനക്ക് തയ്യാറാകുക. ഇത് പോലെ ഗതാഗത സംവിധാനത്തിൽ എല്ലാ വർഷവും മേന്മ കൈവരിക്കാൻ പരിശ്രമിച്ചു വരുന്നു. إن شاء الله ഈ വർഷവും മേന്മ കൈവരിച്ചിരിക്കുന്നുവെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും ഇതിൽ കുറവുകൾ വരുന്നതാണ്. ചില അവസരങ്ങളിൽ, വരുന്നവർക്ക് parking pass നെ സംബന്ധിച്ച് ശരിയായ രീതിയിൽ അറിയാത്ത കാരണത്താലോ, ചിലപ്പോൾ തിരക്ക് കാരണത്താലോ സമയനഷ്ടം ഉണ്ടകുന്നു. അങ്ങനെ പ്രയാസം നേരിടുന്നു. മണിക്കൂറുകളോളം അതിനായി ചെലവഴിക്കപ്പെടുന്നു. അതിനാൽ സംഘാടകർ ഏതൊരു ക്ഷമയോടെയാണോ കാര്യങ്ങൾ നേരെയാക്കുന്നത്, വരുന്ന അതിഥികളും അതേ പോലെയുള്ള ക്ഷമ പ്രകടമാക്കേണ്ടതാണ്. ഒരു വ്യക്തിയുടെ ക്ഷമ നശിച്ചാൽ തന്നെ, അത് മൂലം വലിയ ക്യൂ സൃഷ്ടിക്കപ്പെടുന്നു. ഒരു വാഹനം ബുദ്ധിമുട്ടുണ്ടാക്കിയാൽ, അതിന് പിന്നിലും വലിയ നിര തന്നെയുണ്ടാകുന്നു. അതിനാൽ ഓരോരുത്തർക്കും ഈ ചിന്ത വേണം, അതായത് ഒരു വ്യക്തിക്കോ അല്ലെങ്കിൽ ജനങ്ങൾക്കോ താൻ മൂലം പ്രയാസം ഉണ്ടാകരുത്.

ഞാൻ സെക്യൂരിറ്റി സംവിധാനത്തെ കുറിച്ച് പറഞ്ഞിരുന്നു. അതിനായി പങ്കെടുക്കുന്ന എല്ലാവരും തങ്ങളുടെ ചുറ്റുപാടുകൾ വീക്ഷിക്കേണ്ടതാണ്. പരിശോധനകളുണ്ട്, അതിനുള്ള സംവിധാനമുണ്ട്, മുമ്പത്തേക്കാളുപരിയായി നല്ല സംവിധാനമായിക്കഴിഞ്ഞു. അതിനാൽ യാതൊരു ചിന്തയു

ടെയും ആവശ്യമില്ല. അല്ലെങ്കിൽ തന്റെ ചുറ്റുപാടിനെ വീക്ഷിക്കേണ്ട ആവശ്യവുമില്ല എന്നും നിങ്ങൾ വിചാരിക്കരുത്. മുഅ്മിനീങ്ങൾ ഓരോ നിമിഷവും ജാഗരൂകരായിരിക്കേണ്ടതാണ്. അതിനാൽ ഈ അന്തരീക്ഷത്തിലും ശ്രദ്ധ ചെലുത്തേണ്ടത് നിർബന്ധകടമയാണ്. അഹ്മദിയ്യാ ജമാഅത്തിൽ സെക്യൂരിറ്റി സംവിധാനം നിലനിൽക്കുന്നത്, വ്യക്തികളും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുന്നു എന്ന കാരണം കൊണ്ടാണ്. അത് മനസ്സിലാക്കുകയും ചെയ്യണം. മറ്റൊരു പ്രധാന കാര്യം, നമസ്കാരത്തിൽ കൃത്യനിഷ്ഠയുണ്ടായിരിക്കേണ്ടതാണ്. നമസ്കാരത്തിന് വേണ്ടി സമയത്തിന് മുമ്പായി എത്തിച്ചേരുക. കുറഞ്ഞത് ഒന്ന് രണ്ട് മിനിറ്റ് മുമ്പെങ്കിലും എത്തുക. നമസ്കാരം ആരംഭിച്ച് കഴിഞ്ഞതിന് ശേഷം വരുന്നതിലൂടെ മറ്റുള്ളവർക്ക് ബുദ്ധിമുട്ട് നേരിടുന്നതാണ്, അങ്ങനെ തുടർച്ചയായി ബഹളം സൃഷ്ടിക്കപ്പെടുന്നു. മറ്റൊന്ന്, അഹ്മദിയ്യത്തിന്റെ പതാക ഉയർത്തുമ്പോൾ, ആ സമയം ഒരു വലിയ വിഭാഗം ഇത് കാണുന്നതിനായി പന്തലിന് പുറത്ത് വരുന്നു. ദുആയിലും പങ്കെടുക്കുന്നു. അതിന് ശേഷം പന്തലിൽ പ്രവേശിക്കുന്നു. ഏകദേശം മുന്നിൽ ഒരു ഭാഗം തന്നെ ഇതു കാരണം കാലിയായി കാണപ്പെടുന്നു. അവർ വരുന്നതിനും ഇരിക്കുന്നതിനും ഒരുപാട് സമയം വേണ്ടി വരുന്നു, കൂടാതെ യോഗ നടപടികൾ ആരംഭിക്കുന്നതിന് 10,15 മിനിറ്റ് വൈകുന്നു. അതു കൊണ്ട് ഇത്തവണ സഹോദരങ്ങൾ പന്തലിനകത്ത് തന്നെ ഇരിക്കുക. സംഘാടകർ നിർദ്ദേശിച്ചിട്ടുള്ള വ്യക്തികൾ മാത്രം പുറത്ത് വരിക. ഇവിടെ സ്ക്രീനിൽ പതാക ഉയർത്തുന്ന ചടങ്ങ് കാണുകയും അങ്ങനെ ദുആയിൽ പങ്കാളികളാകുകയും ചെയ്യുക. ഇതു മുഖേന സമയം ലാഭിക്കുകയും യോഗം കൃത്യസമയത്ത് ആരംഭിക്കുകയും ചെയ്യുന്നതാണ്. ജൽസയുടെ ദിനങ്ങളിലുള്ള പരിസരശുദ്ധി അന്യരെ ആഴത്തിൽ സപർഷിക്കുന്നു. ഇക്കാര്യം അധികമാളുകളും തുറന്നു പറയുന്നു. അതിനാൽ ഓരോരുത്തരും ഇതിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതാണ്. വൃത്തിയുടെ കാര്യം അതിന്റെ സംഘാടകർ തന്നെ ചെയ്യണമെന്ന് നിബന്ധനയില്ല. നിങ്ങൾ ഓരോരുത്തരും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ ഓരോരുത്തരും ഇതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ, ചെറിയ വസ്തുക്കൾ, മാലിന്യങ്ങൾ, അനാവശ്യ കപ്പ്, പാത്രം മുതലായവ എടുത്ത് ചവറ്റുകൊട്ടയിലേക്ക് ഇടുക. ഇങ്ങനെ നിങ്ങൾ ചുറ്റുപാടിനെ വൃത്തിയാക്കുന്നവരും അതിലൂടെ പ്രതിഫലം കരസ്ഥമാക്കുന്നവരായി മാറുന്നതാണ്. കാരണം വൃത്തിയെ സംബന്ധിച്ച് നബി (സ) പറഞ്ഞിരിക്കുന്നു. അത് ഈമാന്റെ പകുതിയാണ്. കൂടാതെ ചില സ്ഥലത്ത് സംശയം ജനിപ്പിക്കുന്ന വസ്തു ദൃഷ്ടിയിൽപ്പെട്ടാൽ, സ്വയം നീക്കം ചെയ്യുന്നതിന് പകരമായി സമീപത്തുള്ള സംഘാടകരെ വിവരം അറിയിക്കുക. പിന്നെ ആ സ്ഥലത്തു നിന്ന് അത് നീക്കം ചെയ്യുന്നത് അവരുടെ ഉത്തരവാദിത്വമാണ്.

കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹ:മസീഹ് മൗഊദ് (അ) ന്റെ ലങ്കർ, ജൽസയ്ക്കു വേണ്ടി സ്ഥിരമായ നിലയിൽ ഹദീഖത്തുൽ മഹ്ദിയിൽ നിർമ്മിച്ചു കഴിഞ്ഞു. അതിൽ റൊട്ടി പ്ലാന്റും ഘടിപ്പിച്ചു. ഇതുവരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല റൊട്ടികൾ പാകം ചെയ്തു വരുന്നു. ചിലപ്പോൾ താൽകാലികമായി നിലവാരം കുറഞ്ഞിരിക്കാം. അങ്ങനെയുള്ള സാഹചര്യത്തിൽ ക്ഷമ കൈക്കൊള്ളുകയാണ് ആദ്യം ചെയ്യേണ്ടത്. ഭക്ഷ്യയോഗ്യമല്ലായെങ്കിൽ മാറ്റി വാങ്ങാവുന്നതാണ്. ഇതിൽ സംഘാടകർ നീരസം പ്രകടിപ്പിക്കരുത്. സാധാരണ നിലയിൽ ഇവിടെ പാകം ചെയ്യപ്പെടുന്ന റൊട്ടി 5,6 മണിക്കൂറുകൾക്കുള്ളിൽ തന്നെ അതിഥികളുടെ മുന്നിൽ എത്തിച്ചേരുന്നു. അത് പോലെ ഈ വലിയ സംവിധാനത്തിൽ ചൂടുള്ള റൊട്ടി വിതരണം ചെയ്യുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്തായാലും ഇത്വരെയുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത്, റൊട്ടി നല്ല നിലവാരത്തോട് കൂടി പാകം ചെയ്യുന്നതോടൊപ്പം, അതിഥികൾ അത് ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഈ പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. അത് പോലെ അതിഥികൾക്ക് യാതൊരു ക്ലേശവും ഉണ്ടാകാതിരിക്കുന്നതിനും സംവിധാനത്തിന് യാതൊരു വിധ പ്രയാസവും നേരിടേണ്ടി വരാതിരിക്കുന്നതിനും വേണ്ടി ദുആ ചെയ്യുക. കഴിഞ്ഞ ഖുത്ബയിൽ ഞാൻ ജർമ്മനിയിലെ റൊട്ടിയെ സംബന്ധിച്ച് പറഞ്ഞിരുന്നു. അതോടൊപ്പം അവർ വേഗത്തിൽ മറുപടി നൽകണമെന്നും പറഞ്ഞിരുന്നു. വൈകുന്നേരത്തിനുള്ളിൽ തന്നെ മറുപടി ലഭിച്ചു. ഞങ്ങളുടെ റൊട്ടി ഫ്രഷ് ആണ്. 5,6 മണിക്കൂറുകളുടെ വ്യത്യാസം മാത്രമേ ഉണ്ടാകാറുള്ളൂ. അതോടൊപ്പം ഒരു സ്ത്രീയുടെ കത്തും ലഭിച്ചിരുന്നു. താങ്കൾ പറഞ്ഞത് ശരിയാണ്. റൊട്ടി മേന്മ കുറഞ്ഞതും, ഭക്ഷ്യയോഗ്യമായിരുന്നില്ല. എന്നാൽ രണ്ടിൽ നിന്നും വിശദീകരണം അൽപം കൂടുതലായി എന്ന് തോന്നുന്നു. റൊട്ടി ഭക്ഷ്യയോഗ്യമല്ലാത്ത അത്ര നിലവാരം കുറഞ്ഞതായിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭക്ഷ്യയോഗ്യമായിരുന്നു. അതിനാൽ അതിഥികളും ക്ഷമയോട് കൂടി സഹകരിക്കുക. ഞാൻ ഇത് പറയാനുള്ള കാരണം സാധാരണ അഹ്മദികൾക്ക് ഇക്കാര്യം അറിയാവുന്നതാണ്. സംവിധാനത്തിന് കൂടുതൽ ശ്രദ്ധയുണ്ടാകുന്നതിന് വേണ്ടി ചെറിയ ചെറിയ കാര്യങ്ങളും അഹ്മദികൾ എന്നെ അറിയിക്കുന്നു. അതിഥികൾക്കായുള്ള മറ്റൊരു പ്രധാന കാര്യം, എല്ലാ വർഷവും പറയുന്നതാണ്. എന്നാൽ ചിലരുടെ പ്രവൃത്തി കാരണം പ്രശ്നങ്ങൾ മുമ്പിൽ വരാൻ ആരംഭിച്ചിരിക്കുന്നു. അതിനാൽ ഇതിലേക്കും ശ്രദ്ധയുണ്ടായിരിക്കണം. ലണ്ടൻ ഭരണകൂടം ജൽസയ്ക്കായുള്ള വിസ നൽകുന്നു. സാധാരണ നിലയിൽ ആറ് മാസത്തേക്കാണ് ഈ വിസ നൽകുന്നത് എന്നാൽ ഇതിൽ double entry അല്ലെങ്കിൽ multiple entry നടത്തുന്നു. ജൽസയുടെ വിസ നൽകുമ്പോൾ കരുതപ്പെടുന്നത്, ഈ വിസയെ asylum ആയി ഉപയോഗിക്കില്ലെന്നാണ്. ജമാഅത്ത് വ്യവസ്ഥ, മറ്റ് ജമാഅത്തിന്റെ പ്രതിനിധികൾക്കായി വിസ വാങ്ങുമ്പോൾ നാമുമായി അവർ ഈ കാര്യത്തിൽ നിബന്ധന വെക്കുന്നു. ഇവർ ഈ വിസ രണ്ടാമതായി ഉപയോഗിക്കുകയില്ല. asylum ആയി ഉപയോഗിക്കുകയില്ല. ഇത്തവണ ജമാഅത്തിലെ ചില പ്രതിനിധികൾക്ക് വിസ നൽകുന്ന കാര്യം നിരാകരിക്കുകയുണ്ടായി. നാം ബന്ധപ്പെട്ടപ്പോൾ വിസ നൽകുന്നതിന് അവർ തയ്യാറായി എന്നാൽ പരാതിപ്പെട്ടു. ചിലർ ജൽസക്ക് വരുന്നു. എന്നാൽ ഈ വിസ രണ്ടാ

മത് ഉപയോഗിച്ച് asylum ആക്കി മാറ്റുന്നു. അതായത് double entry നടത്തുന്നു. ഒരു പ്രാവശ്യം പോകുന്നു. പിന്നെ രണ്ടാമത് വീണ്ടും വരുന്നു. എന്തായാലും ഈ സർക്കാരുദ്യോഗസ്ഥനെ നാം സമാധാനിപ്പിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ പറഞ്ഞത് പോലെ വിസ ലഭിച്ചു. എന്നാലും ബുദ്ധിമുട്ടുകളെ നമുക്ക് നേരിടേണ്ടി വന്നു. ചിലരുടെ ജൽസയിലേക്കുള്ള വരവ് തന്നെ ഈ വിസയെ asylum ആയി ഉപയോഗിക്കാം എന്ന നിയ്യത്തോട് കൂടിയാണ്. ഇങ്ങനെയുള്ളവർക്ക് ജമാഅത്ത്പരമായി ശിക്ഷ നൽകപ്പെടുന്നുണ്ടെങ്കിലും ജമാഅത്തിന്റെ പേര് കളങ്കപ്പെടുന്നു. ഈ കാര്യത്തെ ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കണമെന്ന ആഗ്രഹം മാത്രം മനസ്സിൽ വെച്ച് വരുന്നവർക്ക് ഇങ്ങനെയുള്ളവരുടെ പ്രവൃത്തി തടസ്സം സൃഷ്ടിക്കുന്നു. പാക്കിസ്ഥാന്റെ അവസ്ഥ മോശമാണ് എന്നതിൽ സംശയമില്ല. അവിടെ അഹ്മദികൾ വളരെയധികം പ്രയാസപ്പെട്ടാണ് ജീവിതം തള്ളിനീക്കുന്നത്. തൊഴിൽപരമായ ബുദ്ധിമുട്ടു കൾ നേരിടുന്നു. അഹ്മദീ ജോലിക്കാരന്റെ ജോലിയിൽ തൃപ്തനായിരുന്നിട്ട് കൂടി മറ്റ് ജോലിക്കാരോടും മൗലവിമാരോടുമുള്ള ഭയത്താൽ അവരെ ജോലിയിൽ നിന്ന് പിരിച്ച് വിടുന്നു. അല്ലെങ്കിൽ പ്രയാസങ്ങളും മാനസിക ബുദ്ധിമുട്ടുകളും കൂടെ ജോലി ചെയ്യുന്നവർ മെനഞ്ഞുണ്ടാക്കുന്നു. ഹ: മസീഹ് മൗഊദ് (അ) നെ കുറിച്ച് ദുഷിച്ച ഭാഷ ഉപയോഗിക്കുന്നു. അത് സഹിക്കുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്. ഈ കാരണങ്ങളാൽ അവർ നിർബന്ധരായിക്കൊണ്ട് ജോലി ഉപേക്ഷിക്കുന്നു. ചില അഹ്മദികളുടെ കച്ചവടങ്ങൾ, കടകൾ എന്നിവയെകുറിച്ചും സമീപപ്രദേശത്ത് മോശമായി ചിത്രീകരിക്കുന്നു. അതായത് ഈ ജനങ്ങൾ, നൗഊദു ബില്ലാഹ് നബി (സ) ന്റെ സ്ഥാനത്തെ ഇകഴ്ത്തുന്നവരാണ്, അദ്ദേഹത്തെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കുന്നില്ല. യഥാർത്ഥത്തിൽ അഹ്മദികളാണ് നബി (സ) യുടെ ഖത്തമുനുബുവ്വത്തിന്റെ സ്ഥാനത്തെ അധികമായി ബഹുമാനിക്കുന്നത് നബി കരീം (സ) നെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കാത്തവരെ കാഫിറായി നാം കരുതുന്നു. ഇതില്ലാതെ അഹ്മദിയ്യത്തിന് യാതൊരു രൂപവുമില്ല. സ്കൂളുകളിൽ അഹ്മദി കുട്ടികളെ ശല്യപ്പെടുത്തുന്നു. പ്രശ്നങ്ങളെ അവർ അഭിമുഖീകരിക്കേണ്ടി വരുന്നു. അങ്ങനെ അവരെ മാനസ്സികമായി പീഢിപ്പിക്കുന്നു. ഇവ്വിധ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ തന്നെയും ജമാഅത്തിന്റെ അഭിമാനത്തിനായി എല്ലാ സാഹചര്യത്തിലും വില നൽകേണ്ടത് അഹ്മദികൾക്ക് നിർബന്ധമാണ്. സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ asylum ചെയ്യണമെങ്കിൽ അതിന് മറ്റ് പല വഴികളുമുണ്ട്. അതിനായി വരിക. എന്നാൽ ഇവിടെ രണ്ടാമതും ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇതിന് മുമ്പും പല തവണ പറയപ്പെട്ട കാര്യമാണ്. asylum ത്തിന്റെ സമയത്ത് തെറ്റായതും വിവരണാതീതമായ വിശദീകരണം നൽകാതെ, ലഘുവായതും ചൊവ്വായതുമായ കാര്യമാണെങ്കിൽ ഇവിടെയുള്ള അധികം ഉദ്യോഗസ്ഥരും ജഡ്ജിമാരും മനുഷ്യത്വപരമായി നിർമലഹൃദയമുള്ളവരും മാനുഷിക സഹാനുഭൂതിയുള്ളവരുമാണ്. അവർ asylum സ്വീകരിക്കുന്നതാണ്. ചിലർ വാശി പിടിക്കുന്നവരുമുണ്ട്. ഒരു പ്രാവശ്യം ഉറച്ച് കഴിഞ്ഞാൽ അവരെ അംഗീകരിപ്പിക്കുക പ്രയാസകരമാണ് എന്ത് തന്നെ കഥകൾ മെനഞ്ഞാലും അവരിൽ യാതൊരു വിധ സ്വാധീനവും സൃഷ്ടിക്കാനാവുകയില്ല. പിന്നെ ഈ തെറ്റായ പ്രവൃത്തി കാരണം ഒരഹ്മദി പാപിയായി മാറുന്നു. അതിനാൽ സത്യം പറയുന്ന കാര്യത്തിലേക്ക് നാം ശ്രദ്ധ ചെലുത്തുക. ചെറിയ നിലയിൽ കാര്യങ്ങൾ അവതരിപ്പിച്ച് എല്ലാ പീഢനത്തെയും കുറിച്ച് പറയുക. കേസ് ജയിക്കുന്നതിനായി വളഞ്ഞ രീതിയിൽ കാര്യം അവതരിപ്പിക്കണമെന്നില്ല. അതല്ലാതെയും കേസ് ജയിക്കുന്നതാണ്. അതിനാൽ സത്യത്തിൽ നിലയുറക്കുകയാണെങ്കിൽ اِنْ شَآءَاللّٰہ കേസുകളിലും വിജയം ലഭിക്കുന്നതാണ്. ഇനി നമ്മുടെ ഉത്തരവാദിത്വം, ഓരോ അഹ്മദിയുടെയും ഉത്തരവാദിത്വം, പ്രത്യേകമായും വിദേശങ്ങളിൽ കഴിയുന്നവർ നാം ഈ അഹ്മദികൾ ഉൾപ്പെട്ടിരിക്കുന്ന ബുദ്ധിമുട്ട് മനസ്സിലാക്കുകയും, എല്ലാ രീതിയിലുള്ള കഷ്ഠതയുടെയും പ്രയാസത്തിന്റെയും ജീവിതം കഴിച്ച് കൂട്ടുന്ന ഈ സഹോദരങ്ങൾക്കായി എപ്പോഴും ദുആ ചെയ്യുക. അല്ലാഹു അവരുടെ ബുദ്ധിമുട്ടുകൾ ദുരീകരിക്കട്ടെ. അവർക്കായി സമാധാനം സൃഷ്ടിക്കുമാറാകട്ടെ. അല്ലാഹു ജൽസയിൽ പങ്കെടുക്കുന്നവർക്ക്, ജൽസയുടെ അനുഗ്രഹത്താലും അന്തരീക്ഷത്താലും പ്രതിഫലം നൽകുമാറാകട്ടെ. വിദൂരദേശങ്ങളിൽ നിന്ന് ജൽസയിൽ പങ്കെടുക്കുക എന്ന ലക്ഷ്യത്തോട് കൂടി വന്നവരുടെ ദുആകൾ സ്വീകരിക്കുമാറാകട്ടെ. ജൽസക്ക് വരുന്നതിനായി കാത്തിരിക്കുകയും എന്നാൽ വിസ ലഭിക്കാതിരിക്കുകയും ചെയ്തവരുടെ നന്മ നിറഞ്ഞ ആഗ്രഹത്തെ അല്ലാഹു പൂർത്തീകരിക്കുമാറാകട്ടെ. അവരുടെയും ദുആ സ്വീകരിക്കുമാറാകട്ടെ. ഹ: മസീഹ് മൗഊദ് (അ) ന്റെ ദുആയും അവരുടെ പേരിൽ സ്വീകരിക്കുമാറാകട്ടെ. അവസാനം മസീഹ് മൗഊദ് (അ) ന്റെ ഒരു നിർദ്ദേശം സമർപ്പിക്കുന്നതാണ്. അദ്ദേഹം പറയുന്നു. "നന്മ, അല്ലാഹു സന്തോഷവാനാകുന്നതിന് വേണ്ടി മാത്രം നിർവ്വഹിക്കുക. അവന്റെ തൃപ്തി ലഭിക്കണം. അവന്റെ കൽപന പൂർത്തിയാക്കണം. തനിക്ക് പ്രതിഫലം ഉണ്ടോ ഇല്ലയോ എന്നതിലേക്ക് ശ്രദ്ധ പോകാതിരിക്കുമ്പോഴാണ് ഈമാൻ പൂർത്തിയാകുന്നത്. ഈ ദുർവിചാരവും പ്രതീക്ഷയും ഹൃദയത്തിൽ നിന്ന് മാറണം." അതായത് പൂർണ്ണ വിശ്വാസം കൈവരുന്നത് അല്ലാഹുവിന്റെ തൃപ്തി മാത്രം ലക്ഷ്യം വെക്കുമ്പോഴാണ്. അല്ലാതെ പ്രതിഫലം ലഭിക്കുമോ അതോ ഇല്ലയോ എന്നായിരിക്കരുത്. പറയുന്നു: "ഇത് സത്യമാണ് അല്ലാഹു ആരുടെയും നന്മയെ നഷ്ടപ്പെടുത്തിക്കളയുകയില്ല. പറയുന്നു:

اِنَّ اللّٰهَ لَا يُضِيْعُ اَجْرَ الْمُحْسِنِيْنَ ۝

നന്മ പ്രവർത്തിക്കുന്നവൻ, പ്രതിഫലത്തെ ലക്ഷ്യം വെക്കരുത്. നോക്കുക അതിഥി വരുന്നത് വിശ്രമം ലഭിക്കുവാനും തണുത്ത സർബത്ത് ലഭിക്കുവാനുമാണെങ്കിൽ അല്ലെങ്കിൽ ഈ വസ്തുക്കൾക്കായാണ് വരുന്നത് എന്നാൽ ആതിഥേയന്റെ കടമയാണ്, ഏതവസ്ഥയിലും ആതിഥ്യത്തിൽ യാതൊരു വിധ വീഴ്ചയ്ക്കും ഇട നൽകരുത്. അദ്ദേഹത്തിന് വിശ്രമം പ്രധാനം ചെയ്യേണ്ടതാണ്. അവർ അത് നൽകുന്നതാണ്. എന്നാൽ അതിഥി സ്വയം ഈ ചിന്ത വെച്ച് പുലർത്തുന്നത് തനിക്ക് തന്നെ നഷ്ടം വരുത്തി വെക്കുന്നതിന് കാരണമാകുന്നു. " അതിനാൽ അതിഥിയും ആതിഥേയനും

നമ്മുടെ ലക്ഷ്യം എന്തെല്ലാമാണ് എന്നകാര്യം ശ്രദ്ധിക്കേണ്ടതാണ്. ആതിഥേയനെ തന്റെ കടമ നിർവ്വഹിക്കുന്നവനും, അല്ലാഹുവിന്റെ തൃപ്തിക്കായി ഈ കടമ നിർവ്വഹിക്കുന്നവനാക്കുകയും ചെയ്യട്ടെ. അതിഥിയെ അല്ലാഹുവിനോടുള്ള കൂറിന് വേണ്ടി മാത്രം ഈ ജൽസയിൽ പങ്കെടുക്കുന്നവരാക്കുകയും വ്യക്തിപരമായ ഒരു ലക്ഷ്യവും ഇതിനായി ഉണ്ടാകാതിരിക്കുകയും ചെയ്യുമാറാകട്ടെ.

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 August 30 at : Hadeeqathul Mahdi, UK
Translation: Hashim Ashraf, Alleppey - 07736669096

**PRINTED BOOKS**

**To**

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**